<u>പത്രക്കുറിപ്പ്</u>

**<u>58-ാമത് കേരള സ്കൂൾ കലോത്സവം : പോലീസ് സുരക്ഷാ ക്രമീകരണങ്ങൾ</u>**

**<u>കലോത്സവ സുരക്ഷാ ഡ്യൂട്ടിക്കായി 2200 പേരുടെ സേവനം ലഭ്യമാക്കും</u>**

സംസ്ഥാനത്തിൻെറ വിവിധ ജില്ലകളിൽ നിന്നായി 10,000 ത്തിലധികം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പങ്കെടുക്കുന്നതും, അഞ്ച് ദിവസം നീണ്ടുനിൽക്കുന്നതുമായ കേരള സ്കൂൾ കലോത്സവത്തിൻെറ സുരക്ഷാ ഡ്യൂട്ടിക്കായി വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് തൃശ്ശൂർ സിറ്റി പോലീസ് നടപ്പിലാക്കിയിട്ടുള്ളത്. തൃശ്ശൂർ റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. എം. ആർ. അജിത് കുമാർ IPS ൻെറ നേരിട്ടുള്ള മേൽനോട്ടത്തിൽ തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവി ശ്രീ. രാഹുൽ ആർ. നായർ IPS ആണ് സുരക്ഷാക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നത്. 10 ഡി.വൈ.എസ്.പി.മാരുടെ കീഴിൽ 10 പോലീസ് ഇൻസ്പെക്ടർമാരെയും, 165 സബ്ബ് ഇൻസ്പെക്ടർ/അസി.സബ്ബ് ഇൻസ്പെക്ടർമാരെയും, വനിതാ പോലീസ് ഉൾപ്പടെ 703 സീനിയർ സിവിൽ പോലീസ്/സിവിൽ പോലീസ് ഓഫീസർമാരെയും, 1223 വളണ്ടിയർമാരെയുമാണ് സുരക്ഷാക്രമീകരണത്തിൻെറ ഭാഗമായി വിന്യസിച്ചിരിക്കുന്നത്.

കുറ്റമറ്റ രീതിയിൽ സുരക്ഷാ ക്രമീകരണങ്ങൾ നടത്തുന്നതിനായി കലോത്സവ വേദികൾ ഉൾപ്പെടുന്ന നഗരത്തെ 6 പ്രത്യേക സോണുകളായി തരം തിരിച്ചിട്ടുണ്ട്. ഒരോ സോണിൻെറയും ചുമതല ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് റാങ്കിലുള്ള ഉദ്യോഗസ്ഥൻമാർക്കാണ്.

**<u>ക്രമസമാധാന പാലനത്തിനും, ഗതാഗത നിയന്ത്രണത്തിനും പ്രത്യേക ക്രമീകരണങ്ങൾ</u>**

കലോത്സവത്തിൽ പങ്കാളികളാവുന്നവരുടെയും, സ്ത്രീകൾ ഉൾപ്പടെയുള്ള കാണികളുടെയും സുരക്ഷാ കണക്കിലെടുത്ത് ക്രമസമാധാന പാലാനത്തിനും, ഗതാഗത നിയന്ത്രണത്തിനും, പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പാടാക്കിയിട്ടുള്ളതാണ്. ഇതിനായി രണ്ട് അസി. പോലീസ് കമ്മീഷണർമാരെയും നാല് പോലീസ് ഇൻസ്പെക്ടർമാരെയും 293 പോലീസ് ഉദ്യോഗസ്ഥരെയും പ്രത്യേകമായി നിയമിച്ചിട്ടുള്ളതാണ്.

ക്രമസമാധാനപാലനത്തിൻെറയും ഗതാഗത നിയന്ത്രണത്തിൻെറയും ഭാഗമായി 10 മൊബൈൽ പട്രോളിങ്ങും, 10 ബൈക്ക് പട്രോളിങ്ങും, 8 ഫുട് പട്രോളിങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്. വാഹന പരിശോധനയ്ക്കായി നഗരത്തിലെ പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് സബ്ബ് ഇൻസ്പക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെയും നിയോഗിച്ചിട്ടുണ്ട്.

കലോത്സവത്തിലെ പ്രധാന വേദികൾ സജ്ജീകരിച്ചിട്ടുള്ള തേക്കിൻകാട് മൈതാനത്തിലേയ്ക്ക് സ്വരാജ് റൗണ്ടിൽ നിന്നും പ്രവേശിക്കുന്ന കാൽ നടക്കാരെ സഹായിക്കുന്നതിനായി പാറമേക്കാവ് ക്ഷേത്രത്തിന് മുന്നിലും, നായ്ക്കനാൽ ജംഗ്ഷനിലും, കുറുപ്പം റോഡ് ജംഗ്ഷനിലും പോലീസ് ഉദ്യോഗസ്ഥൻമാരെ നിയോഗിച്ചിട്ടുണ്ട്.

<u>വേഗ നിയന്ത്രണവും, ശബ്ദനിയന്ത്രണവും ഉണ്ടാകും.</u>

കലോത്സവ ദിവസങ്ങളിൽ സ്വരാജ് റൗണ്ടിലും, പരിസരങ്ങളിലുമായി ധാരാളം ആളുകൾ എത്തിച്ചേരുമെന്നതിനാൽ സ്വരാജ് റൗണ്ടിൽ നിഷ്ക്കർഷിച്ചിട്ടുള്ള വേഗപരിധിയിൽ കൂടുതൽ വേഗതയിൽ പോകുന്ന വാഹനങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. വാഹന പരിശോധനയ്ക്കായി പോലീസിനെ കൂടാതെ മോട്ടോർ വാഹന വകുപ്പും രംഗത്തുണ്ടാകും. തേക്കിൻകാട് മൈതാനത്തിൽ സജ്ജീകരിച്ചിരിച്ചിട്ടുള്ള കലോത്സവ വേദികളിലെ മത്സര ഇനങ്ങളെ; സ്വരാജ് റൗണ്ടിൽ എത്തുന്ന വാഹനങ്ങളുടെ ഹോണടി ശബ്ദം അലോസരപ്പെടുത്താതിരിക്കാൻ സ്വരാജ് റൗണ്ടിൽ വാഹനങ്ങളുടെ ഹോണടി നിയന്ത്രിക്കുന്നതായിരിക്കും.

<u>പൊതുജനസേവനാർത്ഥം പ്രത്യേക പോലീസ് കംട്രോൾ റൂം</u>

പൊതുജനസേവനാർത്ഥവും, സുരക്ഷാ ക്രമീകരണങ്ങളെ ഏകീകരിക്കുന്നതിൻെറയും ഭാഗമായി ഒരു അസി പോലീസ് കമ്മീഷണറുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു പ്രത്യേക കൺട്രോൾ റൂം തേക്കിൻകാട് മൈതനിയിൽ സജ്ജമാക്കിയിട്ടുണ്ട്. അസി. കമ്മീഷണർക്ക് പുറമെ 1 സി.ഐ യും, 12 എസ്.ഐ മാരും, 145 പോലീസുകാരും സദാ സേവന സന്നദ്ധരായി പ്രസ്തുത കൺട്രോൾ റൂമിൽ ഉണ്ടായിരിക്കുന്നതാണ്. വിവിധ ഡിപ്പാർട്ടുമെൻറുകളുമായി ഏകോപിച്ച് പ്രവർത്തിക്കുന്നതിനുവേണ്ട സജ്ജീകരണങ്ങളും പ്രത്യേക കൺട്രോൾ റൂമിൽ ഒരുക്കിയിട്ടുള്ളതാണ്.

പൊതുജനങ്ങൾക്ക് പോലീസിൻെറ സേവനം ഉപയോഗപ്പെടുത്തുന്നതിനും, വിലയേറിയ വിവരങ്ങൾ അറിയിക്കാവുന്നതിനുമായി പ്രത്യേക കൺട്രോൾ റൂമിൽ ലഭ്യമാക്കിയിട്ടുള്ള **0487-2443000** എന്ന ലാൻഡ് ലൈൻ നമ്പറിലും, **9847199100** എന്ന മൊബൈൽ നമ്പറിലും വിളിക്കാവുന്നതാണ്.

**<u>പോലീസ് ഹെൽപ്പ് ഡെസ്ക്</u>**

സംസ്ഥാനത്തിൻെറ വിവിധ ദിക്കുകളിൽ നിന്നും കലോത്സവത്തിൽ പങ്കാളികളാകുന്നതിന് എത്തിച്ചേരുന്ന പൊതുജനങ്ങളെ സഹായിക്കുന്നതിനായി തൃശ്ശൂർ റെയിൽവേ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റാൻഡ്, ശക്തൻ തമ്പുരാൻ ബസ്സ് സ്റ്റാൻഡ്, വടക്കേ ബസ്സ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പാടാക്കിയിട്ടുള്ളതാണ്.

**<u>സാമൂഹ്യവിരുദ്ധരെ പിടികൂടുന്നതിനായി മഫ്ടി പോലീസിനെ നിയോഗിക്കും</u>**

കലോത്സവ നടക്കുന്ന സ്ഥലങ്ങളിൽ സാമൂഹ്യ വിരുദ്ധർ നുഴഞ്ഞുകയറി കവർച്ച, പിടിച്ചുപറി, പോക്കറ്റടി, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ എന്നിവ ചെയ്യുവാൻ സാധ്യതയുള്ളതിനാൽ ആയത് തടയുന്നതിനായി ഒരു അസി. പോലീസ് കമ്മീഷണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന പ്രത്യേക സംഘത്തെ നഗരത്തിലും, പരിസര പ്രദേശങ്ങളിലും മഫ്ടിയിൽ വിന്യസിക്കുന്നതായിരിക്കും. തൃശ്ശൂർ സിറ്റി പോലീസിൻെറ കീഴിലുള്ള ഷാഡോ പോലീസും, ആൻറി ഗുണ്ടാ സ്ക്വാഡും, രഹസ്യാന്വേഷണ വിഭാഗവും മുഴുവൻ സമയവും നഗരത്തിലും പരിസരങ്ങളിലും നിരീക്ഷണം നടത്തുന്നതായിരിക്കും.

**<u>സുരക്ഷാ പരിശോധനയ്ക്കായി ബോംബ് സ്ക്വാഡിൻെറ സേവനം ഉപയോഗപ്പെടുത്തും</u>**

കലോത്സവത്തിനോടനുബന്ധിച്ച് ആൻറി സബോട്ടേജ് ചെക്കിങ്ങ് നടത്തുന്നതിനായി ഒരു അസി. കമാണ്ടൻറിൻെറ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച ബോംബ് സ്ക്വാഡിൻെറ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കലോത്സ വേദികൾ, ബസ്സ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, ലോഡ്ജുകൾ, ഹോട്ടലുകൾ, മാളുകൾ, തിരക്കേറിയ സ്ഥലങ്ങൾ

എന്നിവിടങ്ങളിൽ ബോംബ് സ്ക്വാഡ് പരിശോധന ശക്തമാക്കിയിട്ടുണ്ട്. തൃശ്ശൂർ തേക്കിൻക്കാട് മൈതാനത്തെ കലോത്സവ വേദികളിലേയ്ക്കുള്ള പ്രധാന കവാടങ്ങളിലും മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് പരിശോധന നടത്തുന്നതിനുള്ള ഏർപ്പാടുകളും പൂർത്തിയാക്കിയിട്ടുണ്ട്.

**<u>നിരീക്ഷണത്തിനായി 124 ക്ലോസ്ഡ് സർക്ക്യൂട്ട് ക്യാമറകൾ</u>**

തൃശ്ശൂർ സിറ്റിയുടെ മുഴുവൻ ഭാഗവും നിരീക്ഷിക്കുവാൻ ശേഷിയുള്ള 124 ക്ലോസ്ഡ് സർക്ക്യൂട്ട് ക്യാമറകൾ നഗരത്തിൻെറ വിവിധ ഭാഗങ്ങളിലും, കലോത്സവ വേദികളിലും, ഭക്ഷണശാലയിലുമായി സ്ഥാപിച്ചിട്ടുള്ളതാണ്. കേരള വിഷൻെറ സഹകരണത്തോടുകൂടി പ്രസ്തുത ക്യാമറകൾ ഓൺലൈനിലൂടെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പാടാക്കിയിട്ടുള്ളതും, സ്പെഷ്യൽ കൺട്രോൾ റൂമിലൂടെ പോലീസുകാർ 24 മണിക്കൂറും നിരീക്ഷണം നടത്തുന്നതും,. പൊതുസ്ഥലങ്ങളിൽ പ്രശ്നമുണ്ടാക്കുന്നവരെയും, സ്ത്രീകളെയും കുട്ടികളെയും ശല്യം ചെയ്യുന്നവരെയും, മദ്യ ലഹരിയിൽ പൊതുജനശല്യം ഉണ്ടാക്കുന്നവരെയും, പൊതുജനങ്ങളുടെ സുരക്ഷയ്ക്ക് ഭീഷണി ഉണ്ടാക്കുന്ന തരത്തിൽ വാഹനങ്ങൾ ഓടിക്കുന്നവരെയും കയ്യോടെ കണ്ടെത്തി പിടികൂടി മൊബൈൽ പട്രോളിങ്ങിലുള്ള പോലീസ് സംഘത്തെ ഉപയോഗിച്ച് തത്സമയം തന്നെ പിടികൂടി നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**<u>കലോത്സവ ചിത്രീകരണത്തിനായ ഹെലി കാം അനുവദിനിയമല്ല.</u>**

കലോത്സവ ചിത്രീകരണത്തിനായി ഹെലി കാം ഉപയോഗിക്കുവാൻ അനുവദിക്കുന്നതല്ല. നഗരത്തിലും, പരിസരങ്ങളിലും അലഞ്ഞു തിരിഞ്ഞ് നടക്കുന്ന നാൽക്കാലികൾ സുരക്ഷാ ഭീഷണിയുണ്ടാക്കുന്നവയായതിനാൽ അത്തരം നാൽക്കാലികളെ താത്ക്കാലിക താവളത്തിലേയ്ക്ക മാറ്റുന്നതിന് കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**<u>സുരക്ഷയ്ക്കായി നിർഭയ വളണ്ടിയർമാരും, സ്പെഷ്യൽ പോലീസും</u>**

കലോത്സവ വേദികളിലെ സുരക്ഷ ഉറപ്പാക്കുന്നതിനായി പോലീസിനോടൊപ്പം നിർഭയ വനിതാ വളണ്ടിയർമാരും, സ്പെഷ്യൽ പോലീസ് ഓഫീസർമാരും അണിനിരക്കും. 50 നിർഭയ വനിതാ

വളണ്ടിയർമാരും, 125 ജനമൈത്രി സമിതി അംഗങ്ങളും, 400 എൻ.സി.സി. കേഡറ്റുകളും, 298 സ്റ്റുഡൻസ് പോലീസ് അംഗങ്ങളും, 200 എൻ.എസ്.എസ്. അംഗങ്ങളും, 150 സ്കൗട്ട് അംഗങ്ങളുമാണ് സദാ സേവന സന്നദ്ധരായി പോലീസിനോടൊപ്പം സുരക്ഷാ ഡ്യൂട്ടിക്കായി ഉണ്ടാകുക.

<u>സംസ്ഥാന സ്കൂൾ കലോൽസവത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ</u>

1. സംസ്ഥാന സ്കൂൾ കലോൽസവത്തോടനുബന്ധിച്ച് 6.01.2018 മുതൽ 10.01.2018 വരെ തൃശ്ശൂർ സ്വരാജ് റൗണ്ടിൽ വാഹനങ്ങൾക്ക് പാർക്കിങ്ങ് അനുവദിക്കുന്നതല്ല.
2. അന്നേ ദിവസങ്ങളിൽ തൃശ്ശൂർ നഗരത്തിലും പരിസര പ്രദേശത്തും പാർക്കിങ്ങിനു അനുവദിച്ചിരിക്കുന്ന സ്ഥലങ്ങളിലൊഴികെ, മറ്റു സ്ഥലങ്ങളിൽ പാർക്കിങ്ങ് അനുവദിക്കുന്നതല്ല. പാർക്കിങ്ങിനായി കോർപ്പറേഷൻ പാർക്കിങ്ങ് ഗ്രൗണ്ടോ, മറ്റു Pay പാർക്കിങ്ങ് ഗ്രൗണ്ടുകളോ പ്രയോജനപ്പെടുത്താവുന്നതാണ്.
3. അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹനങ്ങൾ റിക്കവറി വാഹനം ഉപയോഗിച്ച് സ്ഥലത്തുനിന്നും നീക്കം ചെയ്യുന്നതാണ്.
4. കാൽനടയാത്രക്കാർ സ്വരാജ് റൗണ്ടിൽ റോഡ് മുറിച്ചു കടക്കുന്നതിന് സീബ്രാ ലൈനോ, Sub Way യോ നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്.
5. സ്വരാജ് റൗണ്ടിലും, കലോൽസവ വേദികളുടെ പരിസരങ്ങളിലും ഹോണിൻെറ ഉപയോഗം പരമാവധി നിയന്ത്രിക്കേണ്ടതും, Air Horn ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്.
6. തേക്കിൻക്കാട് മൈതാനത്തേക്ക് മണികണ്ഠനാലുള്ള പ്രവേശന കവാടത്തിലൂടെ പ്രവേശിക്കുന്ന വാഹനങ്ങൾ ഡിസ്ട്രിക്റ്റ് ഹോസ്പിറ്റൽ ജംഗ്ഷന് എതിർവശത്തുള്ള വഴിയിലൂടെ പുറത്തേക്ക് പോകേണ്ടതും, നായ്ക്കനാൽ വഴി പ്രവേശിക്കുന്ന വാഹനങ്ങൾ ആ വഴി തന്നെ തിരികെ പുറത്തേക്ക് പോകേണ്ടതുമാണ്. സ്വരാജ് റൗണ്ടിൽ നിന്നും ഈ വഴികളിലൂടെയല്ലാതെ മറ്റൊരു വഴിക്കും പൊതു ജനങ്ങൾക്ക് തേക്കിൻക്കാട് മൈതാനത്തേക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

7. VIP വാഹനങ്ങൾക്കും മാധ്യമപ്രവർത്തകരുടെ വാഹനങ്ങൾക്കും പാറമേക്കാവ് ക്ഷേത്രത്തിന് എതിർവശത്തുള്ള Entrance ലൂടെ തേക്കിൻക്കാട് മൈതാനത്തേക്ക് പ്രവേശിക്കാവുന്നതാണ്. ഈ വാഹനങ്ങൾക്ക് പാർക്കിങ്ങിനായി പ്രത്യേകമായി സ്ഥലം തരം തിരിച്ച് അനുവദിച്ചിട്ടുള്ളതാണ്.

**സംസ്ഥാന സ്കൂൾ കലോൽസവത്തോടനുബന്ധിച്ച് വരുന്ന വാഹനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ**

1. വടക്കൻ ജില്ലകളിൽ നിന്നും സ്കൂൾ കലോൽസവത്തിൽ പങ്കെടുക്കുന്നതിനായി വരുന്ന വാഹനങ്ങൾ തൃശ്ശൂർ Aquatic Complex ൽ പാർക്കിങ്ങ് സ്ഥലം അനുവദിച്ചിട്ടുള്ളതാണ്.
2. തെക്കൻ ജില്ലകളിൽ നിന്നും സ്കൂൾ കലോൽസവത്തിൽ പങ്കെടുക്കുന്നതിനായി വരുന്ന വാഹനങ്ങൾക്ക് തൃശ്ശൂർ ശക്തൻ സ്റ്റാൻഡിനു സമീപമുള്ള ഗ്രൗണ്ടിൽ പാർക്കിങ്ങ് സ്ഥലം അനുവദിച്ചിട്ടുള്ളതാണ്
3. സ്കൂൾ കലോൽസവം സംഘാടകർക്കും മറ്റുമുള്ള വാഹനങ്ങൾക്ക് തൃശ്ശൂർ കോലോത്തും പാടം പാർക്കിങ്ങ് സ്ഥലത്ത് No. 3 ആയി സ്ഥലം അനുവദിച്ചിട്ടുള്ളതാണ്

**സംസ്ഥാന സ്കൂൾ കലോൽസവത്തോടനുബന്ധിച്ച് ബസുകൾക്കുള്ള നിർദ്ദേശങ്ങൾ**

1. **സംസ്ഥാന സ്കൂൾ കലോൽസവത്തോടനുബന്ധിച്ച് 06.01.2018 മുതൽ 10.01.2018 വരെയുള്ള ദിവസങ്ങളിൽ രാവിലെ 09.30 വരെ ബസുകൾക്ക് സ്വരാജ് റൗണ്ടിൽ പ്രവേശനം അനുവദിച്ചിട്ടുള്ളതും, തുടർന്ന് ഗതാഗതനിയന്ത്രണം ഉണ്ടായിരിക്കുന്നതുമാണ്.**
2. **കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കട, തൃപ്രയാർ, ചേർപ്പ്** തുടങ്ങി കൂർക്കഞ്ചേരി വഴി വരുന്ന എല്ലാ ബസ്സുകളും ബാല്യ ജംഗ്ഷനിൽ എത്തി വലത്തോട്ട് തിരിഞ്ഞ് ശക്തൻ തമ്പുരാൻ സ്റ്റാൻഡിൽ പ്രവേശിച്ച് തിരികെ സർവ്വീസ് നടത്തേണ്ടതാണ്
3. **കൂർക്കഞ്ചേരി, ചിയ്യാരം, നെടുപുഴ, ആനക്കല്ല്, വട്ടൂക്കര, അമ്മാടം** വഴി സർവ്വീസ് നടത്തുന്ന ബസുകൾ സ്വരാജ് റൗണ്ടിൽ പ്രവേശിച്ച് നോർത്ത് സ്റ്റാൻറ് വഴി സർവ്വീസ് നടത്തേണ്ടതാണ്.

4. **ഒല്ലൂർ, ആമ്പല്ലൂർ, വരന്തരപ്പിള്ളി, മുപ്ലിയം, കല്ലൂർ** തുടങ്ങിയ ഭാഗത്ത് നിന്നും വരുന്ന ബസ്സുകൾ മുണ്ടൂപാലം ജംഗ്ഷനിൽ എത്തി ഇടത്തോട്ട് തിരിഞ്ഞ് ശക്തൻ സ്റ്റാൻഡിൽ എത്തി സർവ്വീസ് അവസാനിപ്പിക്കേണ്ടതും, തിരിച്ച് കാട്ടൂക്കാരൻ ജംഗ്ഷൻ, മുണ്ടുപാലം വഴി സർവ്വീസ് നടത്തേണ്ടതുമാണ്.
5. **മുക്കാട്ടുക്കര, നെല്ലങ്കര** ഭാഗത്ത് നിന്ന് സർവ്വീസ് നടത്തുന്ന ബസ്സുകൾ ബിഷപ്പ് പാലസ് എത്തി വലത്തോട്ട് തിരിഞ്ഞ് ചെമ്പുക്കാവ് ജംഗ്ഷൻ, ബാലഭവൻ, അശ്വനി ജംഗ്ഷൻ വഴി വടക്കേ സ്റ്റാൻഡിൽ പ്രവേശിച്ച് ഇൻഡോർ സ്റ്റേഡിയം ജംഗ്ഷൻ വഴി തിരികെ സർവ്വീസ് നടത്തേണ്ടതാണ്.
6. **മാന്ദാമംഗലം, പുത്തൂർ, നടത്തറ, വലക്കാവ്** തുടങ്ങിയ ഭാഗത്ത് നിന്ന് സർവ്വീസ് നടത്തുന്ന ബസ്സുകൾ ITC ജംഗ്ഷനിൽ നിന്ന് ഇടത്തോട്ട് തിരിഞ്ഞ് ഇക്കണ്ടവാര്യർ ജംഗ്ഷൻ വഴി ശക്തൻ തമ്പുരാൻ സ്റ്റാൻഡിൽ പ്രവേശിച്ച് തിരികെ ആ വഴി തന്നെ സർവ്വീസ് നടത്തേണ്ടതാണ്
7. **ഷൊർണ്ണൂർ, മെഡിക്കൽ കോളേജ്, അത്താണി, കൊട്ടേക്കാട്** എന്നീ ഭാഗത്ത് നിന്ന് സർവ്വീസ് നടത്തുന്ന ബസ്സുകൾ പെരിങ്ങാവ് എത്തി കോലോത്തുംപാടം റോഡ് വഴി അശ്വനി ജംഗ്ഷനിലൂടെ വടക്കേസ്റ്റാൻഡിൽ പ്രവേശിച്ച് തിരികെ സാധാരണ പോലെ സർവ്വീസ് നടത്തേണ്ടതാണ്.
8. **മണ്ണുത്തി, പീച്ചി** ഭാഗത്ത് നിന്നും സർവ്വീസ് നടത്തുന്ന ബസ്സുകൾ കിഴക്കേകോട്ടയിൽ നിന്ന് വലത്തോട്ട് തിരിഞ്ഞ് ബിഷപ്പ് പാലസ്, ചെമ്പുക്കാവ്, രാമനിലയം, അശ്വനി ജംഗ്ഷൻ വഴി വടക്കേസ്റ്റാൻഡിൽ പ്രവേശിച്ച് തിരികെ സ്റ്റേഡിയം ജംഗ്ഷൻ വഴി സർവ്വീസ് നടത്തേണ്ടതാണ്.
9. **പാലക്കാട്, ഗോവിന്ദാപുരം** തുടങ്ങി കിഴക്കൻ മേഖലയിൽ നിന്ന് സർവ്വീസ് നടത്തുന്ന ബസ്സുകൾ പുളിക്കൻ മാർക്കറ്റ് സെൻററിൽ നിന്നും ഇടത്തോട്ട് തിരിഞ്ഞ് മിഷൻ ആശുപത്രി മുൻവശം, ഫാത്തിമ നഗർ, ITC ജംഗ്ഷൻ, ഇക്കണ്ടവാര്യർ റോഡ് വഴി ശക്തൻ തമ്പുരാൻ സ്റ്റാൻഡിൽ പ്രവേശിച്ച് തിരികെ മിഷൻ ക്വാർട്ടേഴ്സ്, കാട്ടൂക്കാരൻ ജംഗ്ഷൻ, ശവക്കോട്ട, ഫാത്തിമ നഗർ ജംഗ്ഷൻ വഴി സർവ്വീസ് നടത്തേണ്ടതാണ്.
10. **കുന്നംകുളം, കോഴിക്കോട്, ഗുരുവായൂർ, അടാട്ട്**, തുടങ്ങി പൂങ്കുന്നത്തുനിന്നും വലത്തോട്ട് തിരിഞ്ഞ് ശങ്കരയ്യാർ റോഡ് പൂത്തോൾ, ചെട്ടിയങ്ങാടി, വെളിയന്നൂർ വഴി ശക്തൻ സ്റ്റാൻറ്റിൽ പ്രവേശിച്ച് തിരികെ ദിവാൻജിമൂല പൂത്തോൾ, വഞ്ചിക്കുളം വഴി സർവ്വീസ് നടത്തേണ്ടതാണ്

11. **വാടാനപ്പിള്ളി, അന്തിക്കാട്, കാഞ്ഞാണി,** തുടങ്ങി പടിഞ്ഞാറേ കോട്ട വഴി വരുന്ന എല്ലാ ബസ്സുകളും വെസ്റ്റ് ഫോർട്ടിൽ നിന്നും ശങ്കരയ്യാർ റോഡ് പൂത്തോൾ , ചെട്ടിയങ്ങാടി , വെളിയന്നൂർ വഴി ശക്തൻ സ്റ്റാൻറ്റിൽ പ്രവേശിച്ച് തിരികെ ദിവാൻജിമൂല, പൂത്തോൾ, വഞ്ചിക്കുളം വഴി സർവ്വീസ് നടത്തേണ്ടതാണ്

<u>**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**</u>

- **പടിഞ്ഞാറൻ മേഖലയിൽ നിന്ന് വരുന്ന** എല്ലാ കെ.എസ്.ആർ.ടി.സി ബസുകളും പൂങ്കുന്നം ജംങ്ഷനിൽ നിന്ന് വലത്തോട്ട് തിരിഞ്ഞ് ശങ്കരയ്യർ റോഡിലൂടെ പൂത്തോൾ വഴി കെ.എസ്. ആർ.ടി.സി സ്റ്റാൻറിൽ പ്രവേശിക്കുന്നതാണ്.
- **അങ്കമാലി, ചാലക്കുടി, പുതുക്കാട്, ഇരിങ്ങാലക്കട** ഭാഗങ്ങളിലേക്ക് സർവ്വീസ് നട<u>ത്തു</u>ന്ന ഓർഡിനറി K.S.R.T.C ബസ്സുകൾ ശക്തൻ തമ്പുരാൻ സ്റ്റാൻഡിൽ താൽക്കാലികമായി ആരംഭിക്കുന്ന ബസ്സ് സ്റ്റാൻഡിൽ സർവ്വീസ് അവസാനിപ്പിച്ച് തിരികെ അവിടെ നിന്നുതന്നെ സർവ്വീസ് നട<u>ത്തു</u>ന്നതാണ്.
- **ഷൊർണ്ണൂർ, വഴിക്കടവ്, മെഡിക്കൽ കോളേജ്** ഭാഗ<u>ത്തു</u>ന്നു നിന്നും വരുന്ന KSRTC ബസുകൾ സ്വരാജ് റൗണ്ടിൽ പ്രവേശിക്കാതെ അശ്വനി ജംഗ്ഷൻ, ITC ജംഗ്ഷൻ, ഈസ്റ്റ് ഫോർട്ട്, KSRTC സ്റ്റാൻറ്റ് വഴി വെസ്റ്റ് ഫോർട്ട്, പൂങ്കുന്നം, പാട്ടുരായ്ക്കൽ വഴി സർവ്വീസ് നട<u>ത്തു</u>ന്നതാണ്.
- **ബസുകൾക്ക് സ്വരാജ് റൗണ്ടിലുള്ള ഗതാഗത നിയന്ത്രണം** <u>ഉള്ള</u>തിനാൽ പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി കലോൽസവ വേദികൾ ബന്ധിപ്പിച്ച് സ്കൂൾ കലോൽസവ ദിവസങ്ങളിൽ KSRTC യുടെ **സർക്കുലർ സർവ്വീസ്** നട<u>ത്തു</u>ന്നതിനുവേണ്ടി<u>യുള്ള</u> നടപടികൾ പുരോഗമിക്കുകയാണെന്ന് ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്.

Sd/-

ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി.